പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2580

19.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ്:<br>ശ്രീ.തോമസ് ഉണ്ണിയാടൻ:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2006-07, 2007-08, 2008-09 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഗുരുതരമായ സാമ്പത്തിക ക്രമക്കേടും നഷ്ടവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 2006-07, 2007-08, 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച ഖണ്ഡികകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) സ്വകാര്യ വ്യക്തിയേയും സ്ഥാപനത്തേയും അംഗീകാരമില്ലാത്ത ഏജൻസിയെയും പങ്കെടുപ്പിച്ച് ചട്ടവിരുദ്ധമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഈ കാലയളവിൽ നടത്തിയ | (ബി) പരിശോധിക്കുന്നതാണ്. |

സമഗ്ര വാഴ കൃഷി, പീപ്പിൾസ് വനിതാ ഘടക പദ്ധതി, കുന്നത്തുകാൽ ലേബർ ബാങ്ക് മുഖേന നടപ്പാക്കിയ പദ്ധതികളിലെ കോടികളുടെ ക്രമക്കേടുകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോ;

(സി) 2006-07 മുതൽ 2010-11 വരെ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിവിധ പ്രോജക്ടുകളിലായി സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചു നടത്തിയ വാങ്ങലുകളുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ ?

(സി) 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിവിധ പ്രോജക്ടുകളിലായി സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ച് നടത്തിയ വാങ്ങലുകളിൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുള്ള കണക്കുകൾ താഴെകൊടുക്കുന്നു.

2009-10 , 2010-11 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാവാത്തതിനാൽ പൂർണ്ണമായ വിവരം ലഭ്യമല്ല.

1) ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07

| ഖണ്ഡിക | പരാമർശം | തുക |
|---|---|---|
| 3-14 | പട്ടികജാതി-വനിതാ സംഘങ്ങൾക്ക് കൊയ്ത്തു മെതിയന്ത്രം | 31,72,000 |
| 3-8 | പീപ്പിൾസ് -വനിതാ ഘടക പദ്ധതി യന്ത്രോപകരണങ്ങൾ | 83,15,208 |

2) <u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-2008</u>

| ഖണ്ഡിക | പരാമർശം | തുക |
|---|---|---|
| 3-15 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) പ്രിൻസിപ്പൽ കൃഷി ഓഫീസ ", തിരുവനന്തപുരം - നിർവഹണം നടത്തിയ പദ്ധതികൾ. | |
| സി | പെരിങ്ങമല ജില്ലാ കൃഷിത്തോട്ടം പച്ചക്കറി പന്തൽ നിർമ്മാണ പദ്ധതി സ്റ്റോർ പർച്ചേസ് മാനുവൽ നിർദ്ദേശം പാലിച്ചിട്ടില്ല. | 1,04,000.00 |
| 3-16<br><br>എ<br><br>3 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവഹണം നടത്തിയ പദ്ധതികൾ.<br>പീപ്പിൾ വനിതാ ഘടക പദ്ധതി.<br><br>ഫിഷ് പിക്കിൾ പാക്കിംഗ് ഗ്ലാസ് , കാർട്ടൻസ് എന്നിവ പ്രോവിൻസ് ഫുഡ്സ് മുഖേന വാങ്ങിയത് പൊതുമുതൽ നഷ്ടം | 1,00,000.00 |
| 3-16<br>എ-5 | പ്രോവിൻസ് ഫുഡ്സ് മുഖേന ഉൽപ്പാദന യൂണിറ്റുകൾക്ക് ആവശ്യമായ സ്റ്റീൽ പാത്രങ്ങൾ | 2,44,838.00 |

| | | |
|---|---|---|
| | വാങ്ങിയത് ശരിയായ നടപടിയല്ല. | |
| 3-18 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ പദ്ധതികൾ | |
| എ | സ്ക്കൂളുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങൽ. | 10,00,000.00 |
| എഫ് | സ്ക്കൂളുകൾക്ക് പ്രൊജക്ടർ | 15,00,000.00 |
| 3-25 | ജില്ലാ പ്രോഗ്രാം ഓഫീസർ (സാമൂഹ്യക്ഷേമ വകുപ്പ്) നിർവഹണം നടത്തിയ പദ്ധതി - | |
| 1 | വിവിധ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് നൽകിയ തുക | 10,60,766.00 |

2008-09 വർഷം ഇത്തരം ക്രമക്കേടുള്ള പർച്ചേസുകൾ നടന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ല.

(ഡി) അടിസ്ഥാന സൗകര്യം ഒരുക്കാതെ കാർഷിക പ്രോജക്റ്റുകളുടെ നടത്തിപ്പിനായി 2006 മുതൽ 2010 വരെ വാങ്ങിയ യന്ത്രോപകരണങ്ങളുടെ

(ഡി) അടിസ്ഥാന സൗകര്യം ഒരുക്കാതെ ജില്ലാ പഞ്ചായത്ത് കാർഷിക ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. കാർഷിക മേഖലയുടെ നവീകരണവും ഉല്പാദന വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക പദ്ധതികളുടെ

| | |
|---|---|
| ഇന്നത്തെ സ്ഥിതി എന്താണെന്നും ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ; ഇവ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ? | നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘങ്ങൾക്ക് വാങ്ങി നൽകിയിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങൾ എല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇതുമൂലം സർക്കാരിനോ ജില്ലാ പഞ്ചായത്തിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.